(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്ന് ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പ്രതിദിനം 80 രൂപ മുതൽ 100 രൂപ വരെ വേതനം ലഭിക്കുന്നുണ്ട്,. ടിംബർ-പ്ലൈവുഡ് മേഖലകളിൽ 5-1-1993-ലെ ജി.ഒ. (ആർ. റ്റി.) 58/93/ തൊഴിൽ നമ്പർ വിജ്ഞാപനം അനുസരിച്ചുള്ള മിനിമം വേതനമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ വിജ്ഞാപനം അനുസരിച്ച് ഇപ്പോൾ കുറഞ്ഞ വേതനം 84.36 രൂപയും കൂടിയ വേതനം 95.36 രൂപയും ആണ്. ഈ മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പദ്ധതികൾ

52 [2089] ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ കുട്ടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം മുൻ സാമ്പത്തിക വർഷം എത്ര അപേക്ഷകൾ ഉണ്ടായിരുന്നു ; എത്ര പേർക്ക് എന്ത് തുക ധനസഹായമായി നൽകി ;

(ബി) തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) 2003-04 സാമ്പത്തിക വർഷം വിദ്യാഭ്യാസ ധനസഹായത്തിനായി 10057 അപേക്ഷകൾ ലഭിച്ചു. അതിൽ 6035 പേർക്കായി 37,21,447 രൂപ അനുവദിച്ചു.

(ബി) തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന മറ്റു പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഓടു വ്യവസായ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ

53 [2090] ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓടു വ്യവസായത്തിൽ ആകെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് ;

(ബി) ഇവർക്ക് ഏതെങ്കിലും ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

---

† അനുബന്ധം V കാണുക.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ബി) ഓടു വ്യവസായ മേഖലയിലെ തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി) ഈ മേഖലയിലെ തൊഴിലാളികൾക്ക് നിലവിലുള്ള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതും ഇതു പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാകാവുന്നതുമാണ്. കൂടാതെ, കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള "അസംഘടിത തൊഴിലാളികൾക്കായുള്ള പദ്ധതി" നടപ്പിലാക്കുമ്പോൾ ഈ വിഭാഗം തൊഴിലാളികൾക്കും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

മോട്ടോർ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡ് നൽകാൻ നടപടി

54 [2091] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോടട്ടോർ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരിൽ നിന്നാണ് നിവേദനം ലഭിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എളമരം കരീം, ശ്രീ. കെ. എം. കുട്ടികൃഷ്ണൻ, ശ്രീ. കെ. സാദിരിക്കോയ, ശ്രീ. യു. പോക്കർ, ശ്രീ. വി. ചന്ദ്രൻ നായർ, ശ്രീ. സി. ദാസൻ തുടങ്ങിയവർ ഒപ്പിട്ട നിവേദനമാണ് ലഭിച്ചത്.

(സി) നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും

55 [2092] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആഭരണ നിർമ്മാണ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly